**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത | 15.05.2017-ൽ

ചോദ്യ നമ്പർ - T 3624 | മറുപടിയ്ക്ക്

## തീരദേശ ഹൈവേ നടപ്പാക്കുമ്പോൾ കുടിയൊഴിപ്പിക്കേണ്ടി വരുന്ന മത്സ്യത്തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തീരദേശ ഹൈവേ നടപ്പാക്കുമ്പോൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) & (ബി) കാര്യമായ കുടിയൊഴിപ്പിക്കൽ ഉദ്ദേശിക്കുന്നില്ല. തീരദേശ ഹൈവേയുടെ സാധ്യതാ പഠനം നാറ്റ്പാക് ആണ് നടത്തുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഫൈനൽ അലൈൻമെന്റും ജില്ലാതല റൂട്ട് വിവരങ്ങളും അടങ്ങിയ റിപ്പോർട്ട് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല. കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനു വേണ്ടി നാറ്റ്പാക്ക് ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ റൈറ്റ് ഓഫ് വേ 8 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും 7 മീറ്റർ ക്യാരേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. |
| (സി) കുടിയൊഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ എങ്ങനെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;<br><br>(ഡി) കുടിയൊഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) & (ഡി) വിശദമായ പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കുടിയൊഴിപ്പിക്കേണ്ടതുണ്ടോയെന്നും, ഉണ്ടെങ്കിൽ, മത്സ്യത്തൊഴിലാളികളുടെ പുനഃരധിവാസവും, നഷ്ടപരിഹാര പദ്ധതിയും സംബന്ധിച്ച കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ